VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

10 A. M.] (i) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനാറാമതു റിപ്പോർട്ട് സഭയുടെ അംഗീകാരത്തിനുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

(ii) Motion for leave to introduce the Kerala Cashew Worker's Welfare Fund Bill, 1970.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി റൂൾ 71 പ്രകാരം ഈ ബില്ലിന് ഒബ്ജക്ഷൻ പറഞ്ഞിരിക്കുകയാണ്. അവതാരകനു പറയാനുള്ളതു പറയാം.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, റൂൾ 71 അനുസരിച്ച് ഒരു അനൗദ്യോഗികാംഗത്തിന്റെ ബിൽ ഒപ്പോസ് ചെയ്താൽ സഭയുടെ തീരുമാനമാണു നോക്കേണ്ടതു്. അങ്ങ് കഴിഞ്ഞ തവണ അതെപ്പറ്റി ഒരു തീരുമാനം എടുത്തതുകൊണ്ടാണ് ഞാൻ ഒന്നും പറയാതിരുന്നത്. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഒപ്പോസ് ചെയ്തുകൊണ്ട് രണ്ടു കാരണങ്ങളാണു പറഞ്ഞത്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണത്തെ കുറിച്ചു പ്രസ്താവിച്ചിരുന്നു, അതുകൊണ്ടു റൂൾ 265 അനുസരിച്ച് അങ്ങനെയൊരു ചർച്ച ചട്ടരഹിതമാണ് എന്നുള്ളതാണ് അതിലൊന്ന്. സർ, റൂൾ 265 ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ബാധകമല്ല. അങ്ങനെയൊരു നോട്ടീസ് നമ്മുടെ സഭയുടെ മുമ്പിലില്ല. 'ആൻറിസിപ്പേഷൻ ഓഫ് ഡിസ്ക്ഷൻ' എന്നുള്ളതിനകത്തും ഇതു വരുന്നില്ല. അങ്ങനെ ഉണ്ടെങ്കിൽ തന്നെയും അതേപ്പറ്റി തീരുമാനിക്കാവുന്നതാണ്. മറ്റൊന്ന് അദ്ദേഹം പറഞ്ഞത് ഈ ബിൽ ഒരു അനൗദ്യോഗിക ബില്ലായി വന്നാൽ അതിനു കാലതാമസം വരും എന്നാണ്. നമ്മുടെ രാജ്യത്തിന്റെ നിയമനിർമ്മാണ ചരിത്രത്തിൽ, മൂന്നാം ലോകസഭയിലും മറ്റു സമ്മേളനങ്ങളിലുമൊക്കെ ധാരാളം അനൗദ്യോഗിക ബില്ലുകൾ പാസാക്കിയിട്ടുണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സഭാനാഥനായും പ്രധാനമന്ത്രിയായും ഭരണം നടത്തിയിരുന്ന പാർലിമെൻറിൽ നിരവധി അനൗദ്യോഗിക ബില്ലുകൾ വളരെ കാലതാമസമില്ലാതെ പാസാക്കിയിട്ടുള്ള ചരിത്രമുണ്ട്. ആവശ്യമാണെന്നുണ്ടെങ്കിൽ ഈ ബില്ലും ഒട്ടും കാലതാമസമില്ലാതെ ഈ നിയമസഭാ സമ്മേളനക്കാലത്തുതന്നെ ഒരു സെലക്ട് കമ്മിറ്റിക്കു വിട്ട് പാസാക്കാവുന്നതാണ്. ഈ സമ്മേളനകാലത്തുതന്നെ പാസാക്കാം. മറ്റൊന്ന് ഈ കാര്യത്തിൽ ശ്രീ. ദേവസ്സിക്കുട്ടി ഗവൺമെൻറിൽ അർപ്പിച്ച വിശ്വാസമാണ്. ആ കാര്യത്തിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു. സർ, ഞാൻ ഈ ബില്ലിനു നോട്ടീസ് കൊടുത്തത് ഫെബ്രുവരി 5-ാം തീയതിയാണ്. ഗവർണ്ണർ ഈ നിയമനിർമ്മാണത്തെപ്പറ്റി സൂചിപ്പിക്കുന്നത് 16-ാം തീയതിയാണ്. ഞാൻ നോട്ടീസു കൊടുത്തതിനുശേഷം തൊണ്ടികക്ഷികളുടെ ലീഡേഴ്സ് മീറ്റിംഗിൽ

LIBRARY ARCHIVES Kerala Legislative Assembly

ആ കാര്യം പറഞ്ഞിരുന്നു. അത് 6.ാം തീയതിയോ മറ്റോ ആണ്. അതിനുശേഷമാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ ഇതേപ്പറ്റി സൂചിപ്പിച്ചത്. ഗവൺമെൻറ് ഇതിനൊരു നിയമനിർമ്മാണം നടത്തുമെന്നുള്ള കാര്യത്തിൽ എനിക്ക് അവിശ്വാസമൊന്നുമില്ല. ശ്രീമാൻ ദേവസ്സിക്കുട്ടി ഉറക്കൊണ്ടിരുന്ന ഭരണകക്ഷിയെ അദ്ദേഹം അവിശ്വസിച്ചതുപോലെയോ ഗവൺമെൻറിനെ അവിശ്വസിച്ചതുപോലെയോ എനിക്ക് ഈ ഗവൺമെൻറിനെയോ ഭരണകക്ഷിയെയോ അവിശ്വാസമില്ല. ഞാൻ ഫെബ്രുവരി 5.ാം തിയതിയാണ് ഈ ബില്ലിനു നോട്ടീസ് കൊടുത്തത്. ചട്ടപ്രകാരം അതു പ്രോസസ് ചെയ്ത് കഴിഞ്ഞ വെള്ളിയാഴ്ച സഭയുടെ അനുമതിക്കായി വന്നു. സർ, ചീപ് പോപ്പുലാരിറ്റിക്കുവേണ്ടിയാണ് താനിതവതരിപ്പിച്ചത് എന്നാണ് ദേവസ്സിക്കുട്ടിയുടെ മറ്റൊരഭിപ്രായം. 36 കൊല്ലം കഴിഞ്ഞു സർ, ഞാൻ പൊതുരംഗത്തുവന്നിട്ട്. ചെറിയ വിലയൊന്നുമല്ല ഞാൻ കൊടുത്തിട്ടുള്ളത്. സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷവും അതിനു മുമ്പും ഒക്കെ ലോക്കപ്പിലും സെൻട്രൽ ജയിലിലുമൊക്കെ കിടന്നിട്ടുണ്ട്; കുറെ ക്ലേശങ്ങളും സഹിച്ചിട്ടുണ്ട്. അങ്ങനെ ഇന്നും പൊതുരംഗത്തു നിൽക്കുന്ന ഒരാളാണു ഞാൻ. ശ്രീമാൻ ദേവസ്സിക്കുട്ടി ഒരു പൂപ്പന്തലിൽ ഈസിചെയർ രാഷ്ട്രീയം നടത്തുന്നപോലെയൊന്നുമല്ല ഞാൻ രാഷ്ട്രീയം നടത്തുന്നത്. ശ്രീമാൻ ദേവസ്സിക്കുട്ടിയുടെ നേതാക്കൻമാരോടു ചോദിച്ചാൽ പറയും. ശ്രീമാൻ ദേവസ്സിക്കുട്ടിയുടെ കക്ഷി കശുവണ്ടിത്തൊഴിലാളികളുടെ വെൽഫയർ ഫണ്ട് നിർമ്മാണം സംബന്ധിച്ചു സ്വീകരിച്ച സമീപനം ഇവിടത്തെ കശുവണ്ടിത്തൊഴിലാളികളും അറിയുന്നുണ്ട്. ഇവിടത്തെ കശുവണ്ടിത്തൊഴിലാളികളോട് കോൺഗ്രസ്സ് (ഐ) പ്രവർത്തകർ.....
.....

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ശ്രീമാൻ ദേവസ്സിക്കുട്ടി ഈ ബിൽ .....

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഇതിലെന്താണു പോയിൻറ് ഓഫ് ഓർഡർ?.....സർ, ഇതിൻറെ പേരിൽ ഒരു ചർച്ച അനുവദിക്കുന്നതു ശരിയല്ല.

(സഭയിൽ ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. റൂൾ 71 അനുസരിച്ച് ഒബ്ജക്ഷൻ വരികയാണെങ്കിൽ എതിർത്ത ആളും അവതരിപ്പിച്ച ആളും ബ്രീഫ് സ്റ്റേറ്റ്മെൻറ് നൽകും. സ്പീക്കർക്കുപോലും അധികാരമില്ല അതിനു റൂളിംഗ് നൽകാൻ. സഭയ്ക്കാണ് care to introduce കൊടുക്കാനും കൊടുക്കാതിരിക്കാനും ഉള്ള അവകാശം. അതുകൊണ്ട് ബഹുമാനപ്പെട്ട ഉണ്ണിയുടെ സ്റ്റേറ്റ്മെൻറ് കഴിഞ്ഞെങ്കിൽ ഇരിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഈ ബില്ലിനു സഭയുടെ അനുമതിയാവശ്യപ്പെടുകയാണു ഞാൻ ചെയ്യുന്നത്. അതിനെ എതിർത്തുകൊണ്ട് പറഞ്ഞ കാരണങ്ങളെല്ലാം അടിസ്ഥാനരഹിതവും ആവശ്യമില്ലാത്തവയുമാണ്.

Shri. N. I. Devassikutty: Sir, I am on a point of order.

Mr. Deputy Speaker: As per Rule 71 no point of order is allowed.

LIBRARY ARCHIVES Kerala Legislative Assembly

Shri N. I. Devassikutty: I have got another objection for the motion for leave to introduce the Bill.

(സഭയിൽ ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ഒബ്ജക്ഷൻ ചെയ്ത ആംഗ്ലോ ഇന്ത്യൻ മെമ്പർക്കും ബ്രീഫ് സ്റ്റേറ്റ്മെന്റ് നൽകാൻ അവകാശമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിക്ക് മൂന്നു മിനിറ്റു സമയം അനുവദിച്ചിരിക്കുന്നു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, റൂൾ 199 അനുസരിച്ച് evidence, report and proceedings treated as confidential ആണ്. റൂൾ 199 അനുസരിച്ച് ഈ സഭയുടെ പബ്ലിക് അണ്ടർ ടേക്കിംഗ്സ് കമ്മിറ്റിയുടെ റിപ്പോർട്ടും അതിലെ തീരുമാനങ്ങളുമെല്ലാം ഈ സഭയിൽ അവതരിപ്പിക്കുന്നതുവരെ കോൺഫിഡൻഷ്യൽ ആണ്. റിപ്പോർട്ടു മേശപ്പുറത്തു വച്ചത് 27.2.1979 ലാണ്. ബഹുമാനപ്പെട്ട ഉണ്ണി ആ കമ്മിറ്റിയിലെ ഒരു മെമ്പറാണ്. അദ്ദേഹം ചെയർമാനായിക്കൊണ്ടാണ് റിപ്പോർട്ട് സമർപ്പിച്ചത്. കമ്മിറ്റിയുടെ ആക്റ്റിംഗ് ചെയർമാൻ എന്ന നിലയ്ക്കും ഒരു മെമ്പറെന്ന നിലയ്ക്കും ആ റിപ്പോർട്ട് അദ്ദേഹത്തിനു കിട്ടിയതുകൊണ്ട് ഈ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനുമുമ്പ് റിപ്പോർട്ടിൽ പറയുന്ന ക്ഷേമനിധി, ഇ. എസ്. ഐ. ആനുകൂല്യങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങൾ മുഴുവൻ ആ കമ്മിറ്റിയുടെ റെക്കമെന്റേഷൻസാണ്. Government is to implement that. ആ രഹസ്യങ്ങൾ ചോർത്തിയെടുത്ത് ഒരു ബില്ലാക്കി അതിനു നോട്ടീസ് നൽകുകയും ലാ ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു. റൂൾ 202-ൽ പറയുന്നത് a committee may, if it thinks fit, make available to Government any completed part of its report before presentation to the Assembly എന്നാണ്. കമ്മിറ്റിയുടെ വ്യക്തമായ തീരുമാനങ്ങളില്ലാതെ സഭയിൽ അവതരിപ്പിക്കുന്നതിനു മുമ്പ് ഈ റിപ്പോർട്ടിന്റെ ഒരു ഭാഗവും ഗവൺമെന്റിന്റെയോ മറ്റാരുടെയെങ്കിലുമോ പരിശോധനയ്ക്കു വിധേയമാക്കാൻ പാടില്ല എന്നാണ് റൂൾ 202-ൽ പറയുന്നത്. റൂൾ 199-ൽ പറയുന്നത് കോൺഫിഡൻഷ്യൽ ആണെന്നാണ്. ഇതെല്ലാം ലംഘിച്ചുകൊണ്ട് ഞാൻ നേരത്തെ പറഞ്ഞതുപോലെ കാലതാമസം വരുത്താൻ വേണ്ടിയും ചീപ്പ് പോപ്പുലാരിറ്റിക്കുവേണ്ടിയും ഒക്കെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്; ഇതു തള്ളിക്കളയണമെന്ന് അഭ്യർത്ഥിക്കുന്നു. അനുമതി നൽകരുതെന്ന് അപേക്ഷിക്കുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി: അങ്ങനെയാണെങ്കിൽ ഒരു പ്രിവിലേജ് മോഷൻ കൊണ്ടുവന്ന് ഒരു പ്രിവിലേജ് ഇഷ്യൂവായി ഉന്നയിക്കാവുന്നതാണ്, അതും ഇതുമായി ഒരു ബന്ധവുമില്ല സർ, പുത്തൻ അസംബന്ധം പറയുകയാണ്. ശ്രീമാൻ ദേവസ്സിക്കുട്ടിക്ക് ഗവളളിയാഴ്ച തോറുമുള്ള രോഗമാണിത്.

LIBRARY ARCHIVES Kerala Legislative Assembly

(പ്രതിപക്ഷ ബഞ്ചുകളിൽ ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ശ്രീ. ദേവസ്സിക്കുട്ടി ഇവിടെ ഉന്നയിച്ച എല്ലാ ഒബ്ജക്ഷൻസും പരിഗണിച്ചിട്ടുണ്ട്. സഭയാണ് എല്ലാം തീരുമാനിക്കേണ്ടത്. സ്പീക്കർ യാതൊന്നും തീരുമാനിക്കേണ്ട കാര്യമില്ല.

The question that leave be granted for the introduction of the Kerala Cashew Worker's Welfare Fund Bill, 1979 was put and carried.

Leave was granted.

(Since the time allocated was over, the introduction of the bill was deferred.)

(iii) പ്രമേയങ്ങൾ

(i) കൃഷിക്കാർക്ക് കുറഞ്ഞ പലിശയ്ക്ക് സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള പദ്ധതി

[Shri T.M. Jacob in the Chair]

ശ്രീ. ഇ. കെ. പിള്ള: * സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

''ചെറുകിടക്കാരും ഇടത്തരക്കാരുമായ കൃഷിക്കാർക്ക് ഇപ്പോഴത്തേക്കാൾ കുറഞ്ഞ പലിശയ്ക്ക് ആവശ്യമായ വായ്പ സഹകരണ സംഘങ്ങളിൽ നിന്നു ലഭിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ഈ വർഷം തന്നെ തയ്യാറാക്കണമെന്നും, ഓഹരിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് വായ്പ അനുവദിക്കുന്ന ഇപ്പോഴത്തെ ചട്ടം ഭേദഗതി ചെയ്ത് ആവശ്യമായ വായ്പ ലഭിക്കുന്നതിന് ഒരു ഓഹരി മാത്രം കൊടുത്താൽ മതിയെന്ന് വ്യവസ്ഥ ചെയ്യണമെന്നും ഈ സഭ കേരള ഗവൺമെൻറ് നോടഭ്യർത്ഥിക്കുന്നു.''

റിസർവ്വ് ബാങ്കിൽ നിന്നും 6 ശതമാനം പലിശയ്ക്ക് കിട്ടുന്ന തുകയാണ് നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ കൃഷിക്കാർക്ക് പതിനൊന്നും അതിലേറെയും ശതമാനം പലിശയ്ക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ തോതു വെട്ടിക്കുറയ്ക്കണമെന്നും ഷെയറിൻറെ അടിസ്ഥാനത്തിൽ വായ്പ കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് ഈ പ്രമേയത്തിൽ കൂടി ഞാൻ ആവശ്യപ്പെടുന്നത്. അങ്ങനെ ആവശ്യപ്പെടാൻ പ്രത്യേക കാരണങ്ങളുണ്ട്. കണക്ക് പൂർണ്ണമല്ലെങ്കിലും ഈ കഴിഞ്ഞവർഷം നമ്മുടെ സംസ്ഥാനത്തിലെ കൃഷിക്കാർക്ക് കൊടുത്തിട്ടുള്ള വായ്പ ഏതാണ്ട് 30 കോടിയോളം വരും. ആ തുകയ്ക്ക് ഈടാക്കുന്ന 11 ശതമാനം പലിശ 7 ശതമാനമാക്കി കുറച്ചു കൊടുത്താൽ ഗവൺമെൻറിന് വരാവുന്ന നഷ്ടം ഒന്നേകാൽ കോടി രൂപ മാത്രമാണ്. ആ നഷ്ടം സഹിച്ച്, കേരളത്തിലെ ലക്ഷോപലക്ഷം കൃഷിക്കാർ എടുത്തിട്ടുള്ള വായ്പ തിരിച്ചടയ്ക്കാൻ മാർഗ്ഗമില്ലാതെ ജപ്തി നടപടികൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സ്ഥിതിയിൽനിന്നും അവരെ

* ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ അഭാവത്തിൽ അദ്ദേഹം അധികാരപ്പെടുത്തിയതനുസരിച്ച് ശ്രീ. ഇ. കെ. പിള്ള പ്രമേയം അവതരിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly